**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1305** **14-03-2022 - ൽ മറുപടിയ്ക്ക്**

**തിരൂർ മണ്ഡലത്തിലെ സ്കൂളുകളുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനാണ് കിഫ്ബി ഫണ്ട് അനുവദിച്ചതെന്നും എത്ര തുക വീതമാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ; | (എ) | തിരൂർ നിയോജക മണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. 5 കോടി കിഫ്ബി പദ്ധതി - കൽപ്പകഞ്ചേരി ഗവ. എച്ച്.എസ്.എസ് 3 കോടി കിഫ്ബി പദ്ധതി - തിരൂർ ജി.ബി.എച്ച്.എസ്.എസ്, ജി.എം.എച്ച്.എസ്. കരിപ്പോൾ, ജി.എം.യു.പി.എസ് തിരൂർ, ജി.വി.എച്ച്.എസ്.എസ്. പറവണ്ണ, ജി.എച്ച്.എസ്.ആദവനാട്, ജി.എച്ച്.എസ്.എസ്. ആദവനാട്, ഗവ.വി.എച്ച്.എസ്. എസ്.ഫോർ ഗേൾസ് തിരൂർ, ജി.ബി.എച്ച്. എസ്.എസ്. ഏഴൂർ 1 കോടി കിഫ്ബി പദ്ധതി - ജി.എം.യു.പി. എസ്.പറവണ്ണ, ജി.എം.യു.പി.എസ്. ബിപി അങ്ങാടി |
| (ബി) | ഏതെല്ലാം സ്കൂളുകളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികളാണ് ഇതുവരെ പൂർത്തീകരിച്ചതെന്നു വ്യക്തമാക്കുമോ; | (ബി) | 5 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട കൽപ്പകഞ്ചേരി ഗവ.എച്ച്.എസ്.എസ്, 3കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ജി.എം.എച്ച്.എസ്. കരിപ്പോൾ എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. |
| (സി) | പ്രവൃത്തി പൂർത്തിയാക്കാനുള്ളവ സംബന്ധിച്ചും നിലവിലെ സ്ഥിതി സംബന്ധിച്ചും വിശദവിവരം ലഭ്യമാക്കുമോ; പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ നിർമ്മാണച്ചുമതല ഏതൊക്കെ ഏജൻസികൾക്കാണെന്ന് വിശദമാക്കുമോ; | (സി) | 3 കോടി കിഫ്ബി പദ്ധതി - 3കോടി കിഫ്ബി പദ്ധതിയിൽ 2017-18 വർഷം ഭരണാനുമതി നൽകിയ തിരൂർ ജി.ബി.എച്ച്. എസ്.എസിന്റെ നിർമ്മാണം കൈറ്റിനെ ചുമതല പ്പെടുത്തിയിരുന്നു. തുടർന്ന് പ്രസ്തുത നിർമ്മാ ണത്തിനുള്ള എസ്.പി.വിയായി ഇൻകലിനെ ചുമതലപ്പെടുത്തി. ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് കാലതാമസം ഉണ്ടായ സാഹചര്യത്തിൽ എസ്.പി.വിയായി കിലയ്ക്ക് ചുമതല നൽകി. പ്രസ്തുത ഡി.പി.ആറിൽ ഭേദഗതി വരുത്തി സമർപ്പിക്കുന്നതിന് കിഫ്ബി കിലയോട് ആവശ്യപ്പെട്ടിട്ടുണ്ട്. 3കോടി കിഫ്ബി പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | 2018- 19 വർഷം ഭരണാനുമതി നൽകിയ ജി.എം.യു.പി.എസ് തിരൂർ, ജി.വി.എച്ച്.എസ്.എസ്.പറവണ്ണ, ജി.എച്ച്.എസ്.ആദവനാട്, ഗവ.വി.എച്ച്.എസ്.എസ്.ഫോർ ഗേൾസ് തിരൂർ, ജി.ബി.എച്ച്.എസ്.എസ്.ഏഴൂർ എന്നീ സ്കൂളുകളുടെ നിർമ്മാണ ത്തിനുള്ള എസ്.പി.വിയായി ഇൻകലിനെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് കാലതാമസം ഉണ്ടായ സാഹചര്യത്തിൽ എസ്.പി.വിയായി കിലയെ ചുമതലപ്പെടുത്തി. ഡിപിആർ കിഫ്ബി അംഗീകരിച്ചു. LSGD മുഖാന്തിരം feasibility study നടത്തുന്നതിന് കിഫ്ബി കിലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കിഫ്ബിയുടെ സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. ആദവനാട് ജി.എച്ച്.എസ്.എസിന്റെ DPR ഭേദഗതി ചെയ്ത് സമർപ്പിക്കാൻ കിഫ്ബി കിലയെ അറിയിച്ചിട്ടുണ്ട്. 1 കോടി കിഫ്ബി പദ്ധതി -1കോടി കിഫ്ബി പദ്ധതിയിൽ 2019ൽ ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു. ജി.എം.യു.പി. എസ്.പറവണ്ണ -ടി സ്കൂൾ നേരത്തേ മറ്റൊരു കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടി ട്ടുള്ളതിനാൽ ഒഴിവാക്കിയിട്ടുണ്ട്. പകരം സ്കൂൾ കണ്ടെത്തി ശുപാർശ ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. ജി.എം.യു.പി.എസ്. ബിപി അങ്ങാടി - ടി സ്കൂളിന്റെ ഡിപിആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബി 30/10/2020ന് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചു. |
| (ഡി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാൻ ഇത്രയും കാലതാമസം നേരിടുന്നതിനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ; | (ഡി) | SPV യെ മാറ്റേണ്ട സാഹചര്യം, DPRൽ വന്ന ഭേദഗതികൾ, പുതുക്കിയ നിരക്ക് ബാധകമാ ക്കേണ്ട സാഹചര്യം എന്നിവ കാരണമാണ് നിർമ്മാണം ആരംഭിക്കുന്നതിന് താമസം നേരിട്ടിട്ടുള്ളത്. |
| (ഇ) | പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ? | (ഇ) | പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം സി.ഇ.ഒ, പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി തുടങ്ങിയ വിവിധ തലങ്ങളിൽ അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി വിവിധ എസ്.പി.വികളുടെ യോഗം , നിർമ്മാണ തടസ്സങ്ങൾ നേരിടുന്ന സ്ഥലങ്ങളിൽ നിയോജക മണ്ഡലാടി സ്ഥാനത്തിൽ എം.എൽ.എമാരുടെ സാന്നിധ്യത്തിൽ കോൺട്രാക്ടർ, കിഫ്ബിയുടെ ഉദ്യോഗസ്ഥർ എന്നിവരെക്കൂടി ഉൾപ്പെടുത്തി യുള്ള യോഗം, സ്കൂൾ അധികൃതർ, ഡിഡിഇ, ജില്ലാ കോ-ഓർഡിനേറ്റർമാർ |

| | | | |
|---|---|---|---|
| | | | എന്നിവ ഉൾപ്പെട്ട യോഗങ്ങൾ എന്നിവ നടത്തി നിർമ്മാണ തടസ്സങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാറുണ്ട്. നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ